(സി) ഉപരിപഠനത്തിനായി തമിഴ്നാട്, കർണ്ണാടക പോലെയുള്ള സംസ്ഥാനങ്ങളിലേക്ക് വിദ്യാർത്ഥികൾ പോകുന്നതെന്തുകൊണ്ടെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പഠന റിപ്പോർട്ട് എന്തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പരിമിതമായ വിഭവശേഷിയുപയോഗിച്ച് കേന്ദ്ര സർക്കാരിന്റെയും സ്വകാര്യ മേഖലയുടെയും സഹകരണത്തോടെ പരമാവധി വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുതന്നെ ഉന്നതവിദ്യാഭ്യാസം നേടുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

(ബി&സി) സർക്കാർ ഇതു സംബന്ധിച്ച പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.

ജസ്റ്റിസ് പി.എ മുഹമ്മദ് കമ്മിറ്റി

72 (3821) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മിറ്റിയെ നിയമിച്ചതുമൂലം സ്വാശ്രയ മേഖലയിൽ ഉണ്ടായിട്ടുള്ള ഗുണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ നിശ്ചയിക്കുന്ന ഫീസുകൾ അംഗീകരിക്കുകയും സ്വാശ്രയ മേഖലയെ നിയന്ത്രിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റിയെ പിരിച്ചുവിടുന്ന കാര്യം പരിഗണിക്കുമോ ;

(സി) ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) യോഗ്യതയുടെ അടിസ്ഥാനത്തിൽ സുതാര്യമായ അഡ്മിഷൻ പ്രക്രിയ നടക്കാതിരിക്കുക, അധിക ഫീസ് ഈടാക്കൽ, ഈടാക്കിയ അധിക ഫീസ് തിരികെ നൽകാതിരിക്കുക തുടങ്ങിയ പരാതികൾ വിദ്യാർത്ഥികൾ മാനേജ്മെന്റിന് എതിരെ ഉന്നയിക്കുന്ന സാഹചര്യങ്ങളിൽ അവ അന്വേഷിക്കുകയും ബന്ധപ്പെട്ട മാനേജ്മെന്റുകളുടെ വാദം കേട്ട് ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റി അനുയോജ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ചില വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാത്ത നടപടി നിയമാനുസൃതമല്ലാത്തതും യോഗ്യത പരിഗണിക്കാതെയും ആണെന്ന് കണ്ടെത്തുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുന്നതിനുള്ള നിർദ്ദേശം കമ്മിറ്റി മാനേജ്മെന്റുകൾക്ക് നൽകുന്നു. മുൻവർഷങ്ങളിൽ, കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ചില മാനേജ്മെന്റുകൾ അധിക ഫീസ് തിരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നൽകാൻ തയ്യാറാകുകയും മറ്റു ചിലർക്ക് തുടർന്ന് അടയ്ക്കുവാനുള്ള ഫീസിൽ നിന്നും കുറച്ചു കൊടുക്കുകയും ചെയ്തു.

(ബി) പരിഗണനയിലില്ല

(സി) സ്വകാര്യ പ്രൊഫഷണൽ കോളേജുകളിലും സ്ഥാപനങ്ങളിലും നടക്കുന്ന മുഴുവൻ പ്രവേശന നടപടികളുടെ മേൽനോട്ടവും അവയ്ക്കു വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതോടൊപ്പം പ്രവേശന നടപടികൾ നിയമാനുസൃതവും സുതാര്യവും യോഗ്യതാടിസ്ഥാനത്തിലുമാണെന്ന് ഉറപ്പു വരുത്തുന്നു. സൂപ്പർവൈസറി കമ്മിറ്റി നിയമം ലംഘിച്ചുള്ള അഡ്മിഷനെപ്പറ്റിയുള്ള പരാതികൾ കേൾക്കുകയും അന്വേഷിക്കുകയും ചെയ്യുന്നു. അന്വേഷണത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അഡ്മിഷൻ വ്യവസ്ഥകൾ ലംഘിച്ചു എന്ന് തെളിഞ്ഞാൽ പരമാവധി 10 ലക്ഷം രൂപ വരെയുള്ള പിഴ ചുമത്താനുള്ള ശുപാർശ സർക്കാരിന് നൽകുകയും ചെയ്യുന്നു.

ജസ്റ്റിസ് പി.എ മുഹമ്മദ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള നടപടി

73 (3822) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നത് ;

(ബി) സ്വകാര്യ സ്വാശ്രയ കോളേജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് രൂപീകൃതമായ ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മിറ്റി ഈ അദ്ധ്യയന വർഷത്തിൽ ഇതുവരെ എത്ര തവണ യോഗം ചേരുകയുണ്ടായി ;

(സി) ഇതു സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങൾ എടുക്കുകയും സർക്കാരിന് എന്തൊക്കെ ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിരുന്നു ;

(ഡി) പ്രസ്തുത ശുപാർശകളിന്മേൽ ഇതുവരെ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പുതിയ നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) 40 തവണ യോഗം ചേരുകയുണ്ടായി.

(സി&ഡി) മെറിറ്റടിസ്ഥാനത്തിലുള്ള പ്രവേശനം നിഷേധിച്ചതിനെതിരെയും അമിതമായ ഫീസ് ഈടാക്കിയതിനെതിരെയും സ്വാശ്രയ പ്രൊഫഷണൽ മാനേജ്മെന്റുകൾക്കെതിരെ വിദ്യാർത്ഥികൾ സമർപ്പിച്ച പരാതികൾ കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly